മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ആഫീസുകൾ

47 [1877] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ പുതിയ എക്സൈസ് റേഞ്ച് ആഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) മാരാരിക്കുളം, ചാരുംമൂട് എന്നിവിടങ്ങളിൽ പുതിയ എക്സൈസ് റേഞ്ച് ആഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ബാർ ഹോട്ടലുകളും വിദേശമദ്യവില്പന കേന്ദ്രങ്ങളും

48 [1878] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യം ചില്ലറ വില്പന നടത്തുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും ഓരോ ജില്ലയിലും എത്ര വില്പന കേന്ദ്രങ്ങൾ വീതമാണുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ബാർ ഹോട്ടലുകളും വിദേശമദ്യവില്പന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 2004 ഏപ്രിൽ 1 മുതൽ 2005 മാർച്ച് 31 വരെ കാലയളവിൽ സംസ്ഥാനത്ത് വിറ്റഴിച്ച വിദേശ മദ്യത്തിന്റെയും ബീയർ പാർലറുകൾവഴിയും അല്ലാതെയും വിറ്റഴിച്ച ബീയറിന്റെയും വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷനും മുഖേന.

LIBRARY ARCHIVES Kerala Legislative Assembly